# സി.പി.എം ചാനൽ: ചേരുവകൾക്ക് കുറവുണ്ടാവില്ല

തിരുവനന്തപുരം:- നിർദ്ദിഷ്ട സി.പി.എം. ചാനൽ നിലവിലുള്ള ചാനലുകളിൽ നിന്ന് ഒട്ടും വ്യത്യസ്തമാവില്ല. മുഴുവൻ സമയ വാണിജ്യപ്രക്ഷേപണമായിരിക്കും ഈ ചാനലുകളിലൂടെ കേരളീയർക്ക് ലഭിക്കുക. ഏഷ്യാനെറ്റിലെയും സൂര്യയിലെയും സീരിയലുകളെ അതിശയിപ്പിക്കുന്ന സീരിയലുകളടക്കം എല്ലാ മസാല കൂട്ടും പുതിയ ചാനലിൽ ഉണ്ടാവും. വാർത്തക്ക് അൽപ്പം കൂടുതൽ സമയം അനുവദിച്ചേക്കും എന്നതുമാത്രമാണ് വ്യത്യസ്തത.

സീരിയലുകൾ മുഖ്യധാരാ സിനിമാ സംവിധായകരെക്കൊണ്ട് ചെയ്യിക്കാനുള്ള ശ്രമമാണ് ചാനലിന് ചുക്കാൻ പിടിക്കുന്നവർ ചെയ്യുന്നത്. ഇതൊരു സി.പി.എം. ചാനലല്ലെന്ന് അടിവരയിട്ട് പറയാൻ ശ്രമിക്കുന്നുണ്ടെങ്കിലും, ഓഹരിമൂലധനത്തിന്റെ മുഖ്യപങ്ക് പാർട്ടി ഘടകങ്ങളുടെതായിരിക്കും എന്ന് ഉറപ്പുവരുത്തിയിട്ടുണ്ട്

മേയ് ഒന്നിന് സംപ്രേഷണം ആരംഭിക്കാനാണ് ആദ്യതീരുമാനമെങ്കിലും, സംപ്രേഷണം ജൂലായിലേക്ക് നീളാനാണ് ഇട. നഗരസഭ- ഗ്രാമപഞ്ചായത്ത് തിരഞ്ഞെടുപ്പുകൾ ഇതിനിടയിൽ വരുന്നതിനാൽ പാർട്ടിപ്രവർത്തകരുടെ കൂടുതൽ ശ്രദ്ധ അതിൽ വേണ്ടിവരും. ഓഹരി ശേഖരണം ഇതിനിടയിൽ ബുദ്ധിമുട്ടാവും.

ഔദ്യോഗികമായി രംഗത്തില്ല എങ്കിലും, ഏഷ്യാനെറ്റിന്റെ മുൻ മേധാവി ശശികുമാറാണ് ചാനലിന്റെ സുപ്രധാന തീരുമാനങ്ങൾ എല്ലാം കൈകൊള്ളുന്നത്. പരിപാടിയുടെ ഉള്ളടക്കം മുതൽ നിയമനങ്ങൾ വരെ അദ്ദേഹത്തിന്റെ നിർദ്ദേശമനുസരിച്ചാണ് നടക്കുന്നത്. ചാനലിന്റെ തലപ്പത്ത് മിക്കവാറും മുൻ ഏഷ്യാനെറ്റുകാരായിരിക്കും. ഇതിനകം പലരും ഏഷ്യാനെറ്റ് വിട്ട് പുതിയ ചാനലിൽ ചേർന്നു കഴിഞ്ഞു. കൂടുതൽ പേർ ചേരുമെന്നാണ് സൂചന. ഉള്ളടക്കത്തിലും കാഴ്ചപ്പാടിലും ഏഷ്യാനെറ്റിൽ നിന്ന് ഒട്ടും വ്യത്യസ്തമാവില്ല പുതിയ ചാനൽ.

സ്വകാര്യമൂലധനത്തിനുപകരം പൊതുജനങ്ങളിൽ നിന്നു സമാഹരിക്കുന്ന സ്വകാര്യമൂലധനമാണ് ചാനലിന്റേത് എന്നതാവും പ്രത്യേകത. മാർച്ച് മാസത്തിൽ തന്നെ, ഏഷ്യാനെറ്റും പൊതുവിപണിയിൽ ഓഹരിവിൽക്കാൻ തുനിയുന്നുണ്ട്. അതോടെ, ഈ പ്രത്യേകതയും ചാനലിനുണ്ടാവില്ല. പൊതുജനങ്ങളിൽ നിന്ന് ഓഹരി പിടിച്ചെടുത്താണ് ചാനലിന്റെ മൂലധനമെങ്കിലും ചാനൽ നടത്തിപ്പിലോ, പരിപാടികളുടെ ഉള്ളടക്കം തീരുമാനിക്കുന്നതിലോ അവർക്ക് പങ്കുണ്ടാവില്ല. തികച്ചും മുതലാളിത്തവ്യവസ്ഥയിൽ തൊഴിലാളികൾ നടത്തുകയും, തൊഴിലാളികളെ പരിഗണിക്കുകയും ചെയ്യുന്ന നൂതന പരീക്ഷണമായിരിക്കും ഈ ചാനൽ.

ഈ ചാനൽവഴി സിപിഎമ്മിന്റെ രാഷ്ട്രീയനേട്ടം എന്താണെന്നതിനെകുറിച്ച് വിവാദമുണ്ട്. ചാനൽ പാർട്ടിക്ക് ഒരുഗുണവും ചെയ്യില്ല എന്നും, പാർട്ടിക്കത് ബാധ്യതയാകുമെന്നാണ് ബുദ്ധിജീവി വിഭാഗത്തിന്റെ വാദം. അനുകൂലിച്ചും പ്രതികൂലിച്ചും അഭിപ്രായം പറയാതെ, ചാനൽ പദ്ധതിയെ എതിർക്കുകയാണിവർ ചെയ്യുന്നത്. ശാസ്ത്രസാഹിത്യ പരിഷത്തിലെ വലിയൊരു വിഭാഗം ഈ പക്ഷത്താണ്. സിഐടിയുവാണ് ചാനലിനെ പരസ്യമായി എതിക്കുന്ന വിഭാഗം.

ബൂർഷ്വാ മാധ്യമങ്ങൾ സർക്കാരിനെതിരെ നടത്തുന്ന നുണപ്രചരണങ്ങളെ പ്രതിരോധിക്കാനാണ് ചാനലെന്നാണ് ഔദ്യോഗിക പക്ഷം. എന്നാൽ അത്തരം പ്രതിരോധം ചാനലിലൂടെ അസാധ്യമെന്ന് ചാനലിനെ എതിർക്കുന്നവർ കരുതുന്നു. ഈ പ്രതിരോധം ചാനലിലെ വാർത്തയുടെ വിശ്വാസ്യതയെ തകർക്കും. ചാനലിന് പ്രേക്ഷകർ കുറയാൻ കാര

(ശേഷം ആറാം പേജിൽ)

# സി. പി. എം. ചാനൽ

(ഒന്നാം പേജ് തുടർച്ച)

ണമാകും.

ചാനലിൽ എന്തൊക്കെ കാണിച്ചു കൂടാ എന്നതിനെക്കുറിച്ച് തീരുമാനമായില്ല. പ്രൈം ടൈമിൽ കാഴ്ചക്കാർ ഏറ്റവും കൂടുതലുള്ള സമയം കൊക്കകോളയുടെയും, പെപ്സിയുടെയും പരസ്യം കാണിക്കുകയും, മറ്റുസമയത്ത് (കാഴ്ചക്കാർ ഇല്ലാത്ത സമയം) ഇവക്കെതിരെ പ്രചാരണം നടത്തുകയും ചെയ്യുന്നതിന്റെ ഔചിത്യമാണ് ചോദ്യം ചെയ്യപ്പെടുന്നത്. പാർട്ടിയുടെ പ്രഖ്യാപിത നിലപാടുകൾക്കെതിരെയാവും ചാനലിന്റെ പ്രവർത്തനം എന്നിവർ വിലയിരുത്തുന്നു.

അടുത്ത ഒരുവർഷം പാർട്ടിയെ സംബന്ധിച്ചിടത്തോളം അതിപ്രധാനമാണ്. അടുത്തതെരഞ്ഞെടുപ്പിൽ ഭരണം നിലനിർത്തുക എന്നത് എളുപ്പമല്ല. വിരുദ്ധാദർശങ്ങളിലാണ് നിലപാടുകളെങ്കിലും, ആശയപരമായി കോൺഗ്രസ്സിനെ എതിർക്കാൻ സി. പി. എം. നന്നെ ബുദ്ധിമുട്ടും.

കേന്ദ്രത്തിലെ നിലപാടുകളും, അവസ്ഥകളുമാണ് കേരളത്തിലെ സി. പി.എം. നെ ബുദ്ധിമുട്ടിക്കുക. ബി. ജെ. പി. ഇവിടെ വിപുലീകരിച്ചുകൊണ്ടിരിക്കുന്ന അടിത്തറ നിസ്സാരമായി കാണാനാവില്ല. ബിജെപി. ക്ക് സീറ്റു കിട്ടിയാൽ, അത് കോൺഗ്രസ്സിനനേക്കാളേറെ ഇടതുപക്ഷത്തിനാണ് ക്ഷീണം ചെയ്യുക.